**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4190** **28-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ.യിലെ ജാമ്യ വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ.യിലെ ചിട്ടികൾക്കും ലോണുകൾക്കും നിലവിലുള്ള ജാമ്യ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | (എ) | വസ്തു ജാമ്യം, ഉദ്യോഗസ്ഥ ജാമ്യം, കെ.എസ്.എഫ്.ഇ യിലേയും ബാങ്കുകളിലേയും സ്ഥിര നിക്ഷേപങ്ങൾ, എൽ.ഐ.സി പോളിസി, ബാങ്ക് ഗ്യാരന്റി, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്, കിസാൻ വികാസ് പത്ര, കെ.എസ്.എഫ്.ഇ യിലെ വിളിക്കാത്ത ചിട്ടിയുടെ പാസ്സ് ബുക്ക്, സ്വർണ്ണാഭരണങ്ങൾ എന്നിവയാണ് ചിട്ടികൾക്കും ലോണുകൾക്കും ജാമ്യമായി കെ.എസ്.എഫ്.ഇ സ്വീകരിക്കുന്നത്. |
| (ബി) | കെ.എസ്.എഫ്.ഇ. കൂടുതൽ ജന സൗഹൃദമാക്കുവാൻ പ്രസ്തുത വ്യവസ്ഥകൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പ്രസ്തുത വ്യവസ്ഥകൾ ലഘൂകരിക്കുന്നതിന് കാലാനുസൃതമായി നടപടി സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | കെ.എസ്.എഫ്.ഇ.യിൽ കൈവശസ്ഥലം ജാമ്യം നൽകുമ്പോൾ അവസാന നിമിഷം നിസാര കാരണങ്ങൾ ചൂണ്ടിക്കാട്ടി ലോണുകൾ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ